# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1523** **05.02.2019 ൽ മറുപടിയ്ക്ക്**

## തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | കൃഷിയോഗ്യമായ തരിശു ഭൂമി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അടിസ്ഥാനത്തിൽ തരിശു ഭൂമി സർവ്വേ നടത്തി ഇതിനകം map ചെയ്തിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ കർമ്മ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കർഷക കുടുംബങ്ങളുടേയും സഹകരണത്തോടെ നിലവിലുള്ള വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെയാണ് തരിശു നില കൃഷി നടപ്പിലാക്കി വരുന്നത്. തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനു വേണ്ടി നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതികൾ താഴെപ്പറയുന്നു.<br>തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം വീതിച്ചു നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഇപ്രകാരം ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800/- രൂപയും 1,200/- രൂപയും, മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ് ധനസഹായം. നടപ്പു സാമ്പത്തിക വർഷം ഇതിനായി 1200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>തരിശു ഭൂമിയിൽ പച്ചക്കറി/ കിഴങ്ങു വർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനു ഹെക്ടറൊന്നിന് 30,000/- രൂപയുടെ ആനുകൂല്യം നൽകുന്നു. നെൽ കൃഷിക്കു നൽകുന്നതുപോലെ ഭൂവുടമയ്ക്ക് 5,000/- രൂപയും |

കർഷകനു 25,000/- രൂപയും ആണു നൽകുന്നത്. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിർത്തുവാൻ ബാദ്ധ്യസ്ഥരാണ്. നടപ്പ് സാമ്പത്തിക വർഷം തരിശു ഭൂമിയിലെ പച്ചക്കറി കൃഷിക്കായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ സർക്കാരിതര /സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തം ഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകിവരുന്നു. ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പു വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽക്കരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു. ആയതിലേക്കായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**